**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ - ജില്ലാ പഞ്ചായത്തുകളുടെ വിഹിതം - അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം. 1650/13/തസ്വഭവ തിരുവനന്തപുരം, തീയതി: 22/06/2013.

==========================================================

പരാമർശം:-1) പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 16.06.2012-ലെ 66053/ഡി2/11/പൊ.വി നമ്പർ കുറിപ്പ്.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 19.06.2013-ൽ കൂടിയ യോഗത്തിന്റെ 2.3 നമ്പർ തീരുമാനം.

## <u>ഉത്തരവ്</u>

സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുവാനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) കീഴിൽ ഹൈസ്കൂളുകളാക്കി ഉയർത്തുന്ന ഓരോ സ്കൂളിനും 10 മുറികൾ അടങ്ങുന്ന കെട്ടിടം നിർമ്മിക്കുന്നതിന് 58.12 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നതെന്നും നിലവിലുള്ള സംസ്ഥാന സർക്കാരിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് പ്രസ്തുത തുക നിർമ്മാണ പ്രവർത്തനങ്ങൾക്ക് മതിയാകില്ല എന്നും, ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂളുകളാക്കി ഉയർത്തിയ സ്കൂളുകൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെന്നും, കേന്ദ്ര സർക്കാർ അനുവദിച്ച തുകയേക്കാൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അധികമായി ആവശ്യമായി വരുന്ന തുക ജില്ലാ പഞ്ചായത്തിന്റെ പ്ളാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി മേൽ പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

19.06.2013-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം ആർ.എം.എസ്.എ പദ്ധതിക്ക് ജില്ലാ പഞ്ചായത്തുകൾ വിഹിതം വയ്ക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകാൻ തീരുമാനിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സെക്കണ്ടറി/ഹയർ സെക്കണ്ടറി സ്കൂളുകളിലെ എല്ലാ

വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്ക് ജില്ലാ പഞ്ചായത്തുകൾ വിഹിതം വയ്ക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. രാജൻ ഖോബ്രാഗഡെ**
ഗവൺമെന്റ് സെക്രട്ടറി

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്.